REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 19-02-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാന തദ്ദേശ ദിനാഘോഷ പരിപാടികൾ കണ്ണൂരിൽ ഇന്ന് സമാപിക്കും. ഉച്ചയ്ക്ക് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **കേരളത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര ഹബ്ബാക്കി തീർക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ഡോ. R. ബിന്ദു.**
- **സംസ്ഥാനത്ത് റമദാൻ വ്രതാരംഭത്തിന് തുടക്കമായി.**
- **ICC പുരുഷ ട്വന്റി20 ക്രിക്കറ്റ് ലോകകപ്പിൽ അവസാന ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യക്ക് ജയം.**

## വാർത്തകൾ വിശദമായി

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോൺ, ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ലോകത്തെ ഉന്നത വ്യവസായ നേതാക്കൾ തുടങ്ങിയവർ ഉച്ചകോടിയെ അഭിസംബോധന ചെയ്യും. ഉദ്ഘാടന ചടങ്ങിന് ശേഷം നേതാക്കൾ ഇന്ത്യ AI ഇമ്പാക്റ്റ് ഉച്ചകോടിയുടെ എക്സ്പോ സന്ദർശിക്കും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്..........

ഉച്ചയ്ക്കുശേഷം ചേരുന്ന ലീഡേഴ്സ് പ്ലീനറിൽ ഭരണം അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര സഹകരണം, എന്നിവയുൾപ്പെടെ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയിലെ ആഗോള മുൻഗണനകൾ രൂപപ്പെടുത്തുന്നതിന് രാഷ്ട്ര തലവന്മാർ മന്ത്രിമാർ ബഹുരാഷ്ട്ര സ്ഥാപനങ്ങളിലെ മുതിർന്ന പ്രതിനിധികൾ എന്നിവർ ഒത്തുചേരും. വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി CEO റൗണ്ട് ടേബിളിലും പങ്കെടുക്കും. നിക്ഷേപം, ഗവേഷണം, സഹകരണം, വിതരണം ശൃംഖലകൾ, AI സംവിധാനങ്ങളുടെ വിന്യാസം എന്നിവ ചർച്ച ചെയ്യുന്നതിന് ആഗോള സാങ്കേതിക വിദ്യാ വ്യവസായ സ്ഥാപനങ്ങളിലെ മുതിർന്ന എക്സിക്യൂട്ടിവുകളുമായി കേന്ദ്ര ഗവൺമെന്റ് പ്രതിനിധികൾ ചർച്ച നടത്തും. ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026ന്റെ പ്രമേയം സർവജനഹിതം സർവജനസുഖം എല്ലാവർക്കും ക്ഷേമം, എല്ലാവരുടേയും സന്തോഷം എന്നതാണ്. AI മേഖലയിൽ ഇന്ത്യയെ മുഖ്യ ശക്തിയാക്കി മാറ്റുക എന്നതാണ് ഉച്ചകോടിയുടെ ലക്ഷ്യം.

✪✪✪

വിശാഖപട്ടണത്ത് ഇന്റർനാഷണൽ ഫ്ലീറ്റ് റിവ്യൂവിന്റെ സമാപനത്തോടനുബന്ധിച്ച് ഇന്റർനാഷണൽ സിറ്റി പരേഡിന്റെ അവസാന ഡ്രസ് റിഹേഴ്സൽ ഇന്നലെ സംഘടിപ്പിച്ചു. വിശാഖപട്ടണത്തെ RK ബീച്ച് റോഡിൽ ഇന്നാണ് പരേഡ്.

ഇന്ത്യൻ ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ് എന്നിവയുടെ മാർച്ചിംഗ് വിഭാഗവും, മിലിട്ടറി ബാൻഡുകളും വിദേശ സൈനികരും അവരുടെ സെറിമോണിയൽ ബാൻഡുകളും റിഹേഴ്സലിൽ പങ്കെടുത്തു.

ഇന്ത്യയുടെ സമുദ്ര പൈതൃകവും വൈവിധ്യവും ഉയർത്തിക്കാട്ടുന്ന സാംസ്കാരിക സംഘങ്ങളും നിശ്ചല ദൃശ്യങ്ങളും പരേഡിൽ അണിനിരക്കും.

✪✪✪

അടുത്ത അഞ്ച് വർഷത്തിനകം 15 ബില്യൺ ഡോളർ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി പുതിയ സമുദ്രാന്തർ കേബിളുകൾ വഴി ഇന്ത്യയെ അമേരിക്കയുമായി ബന്ധിപ്പിക്കുമെന്ന് ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ ഗൂഗിൾ അറിയിച്ചു. 'അമേരിക്ക-ഇന്ത്യ കണക്ട്' എന്ന് പേരിട്ട സംയുക്ത അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ വിശാഖപട്ടണത്ത് പുതിയ അന്താരാഷ്ട്ര സമുദ്രാന്തർ ഗേറ്റ്‌വേ സ്ഥാപിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

ഇതിന് പുറമെ ഇന്ത്യയെ സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ എന്നിവയുമായി ബന്ധിപ്പിക്കുന്ന മൂന്ന് പുതിയ സമുദ്രാന്തർ പാതകളും നാല് തന്ത്രപ്രധാനമായ ഫൈബർ ഒപ്റ്റിക് റൂട്ടുകളും സ്ഥാപിക്കുമെന്നും ഗൂഗിൾ അധികൃതർ അറിയിച്ചു.

✪✪✪

സംസ്ഥാനത്തിനെതിരെ വിദ്വേഷം വിതയ്ക്കാനും മതനിരപേക്ഷ പാരമ്പര്യത്തെ അവഹേളിക്കാനും ചിലർ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിന്റെ ഭാഗമാണ് "ദി കേരള സ്റ്റോറി" എന്ന ചിത്രത്തിന്റെ രണ്ടാം ഭാഗം പുറത്തിറങ്ങുന്നതെന്ന് മുഖ്യമന്ത്രി ആരോപിച്ചു. സാഹോദര്യവും മതേതരത്വവും ഉയർത്തിപ്പിടിക്കുന്ന കേരളത്തിന്റെ മാതൃകയെ ഭയപ്പെടുന്നവരാണ് തുടർച്ചയായ വിദ്വേഷ പ്രചാരണങ്ങളുടെ അണിയറക്കാരെന്ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാന തദ്ദേശ ദിനാഘോഷ പരിപാടികൾ കണ്ണൂരിൽ ഇന്ന് സമാപിക്കും. ഉച്ചയ്ക്ക് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

...........വോയ്സ്..........

കണ്ണൂർ മാങ്ങാട്ടുപറമ്പ് കെ പി ഗ്രൗണ്ടിൽ രാവിലെ പ്രതിനിധി സമ്മേളനം മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. ഇന്നലെ നടന്ന അക്കാദമിക്ക് സെഷനുകളിൽ അതിദാരിദ്ര്യം നിർമ്മാർജന പദ്ധതി 2.0 തനത് വരുമാനം സാധ്യതകൾ ദ്രവമാലിന്യ സംസ്കരണം പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു. ഇന്ന് രാവിലെ 11 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ

സ്വരാജ് ട്രോഫി,മഹാത്മ പുരസ്കാരം, മഹാത്മ അയ്യങ്കാളി പുരസ്കാരം, സ്വരാജ് മാധ്യമ പുരസ്കാരം,ലൈഫ് മിഷൻ പുരസ്കാരം, ശുചിത്വ ഗ്രേഡിങ് പുരസ്കാരം എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും.

✪✪✪

കേരളത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര ഹബ്ബാക്കി തീർക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി ഡോ. R. ബിന്ദു പറഞ്ഞു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നവീകരിച്ച ഓറിയന്റൽ ബ്ലോക്കും സംസ്ഥാനത്തെ വിവിധ കോളേജുകളിൽ പൂർത്തീകരിച്ച കെട്ടിടങ്ങളുടെയും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെയും വിസ്മയകരമായ മുന്നേറ്റമാണ് സംസ്ഥാന ഗവൺമെന്റിന്റേതെന്ന് മന്ത്രി പറഞ്ഞു.

നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ വൈജ്ഞാനിക സമൂഹമായി മാറ്റി. നാല് വർഷത്തിനുള്ളിൽ 6,000 കോടി രൂപയാണ് അടിസ്ഥാന സൗകര്യ വികസനത്തിന് ഗവൺമെന്റ് ഈ മേഖലയിൽ ചെലവഴിച്ചതെന്ന് R ബിന്ദു അറിയിച്ചു.

'പഠനത്തോടൊപ്പം തൊഴിൽ' എന്ന ആശയത്തിന് ഊന്നൽ നൽകി വിദ്യാർത്ഥികളെ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റാൻ ക്യാമ്പസുകൾക്ക് കഴിയണമെന്നും മന്ത്രി നിർദേശിച്ചു.

✪✪✪

സംസ്ഥാനത്ത് റമദാൻ വ്രതാരംഭത്തിന് തുടക്കമായി. പ്രഭാതം മുതൽ പ്രദോഷം വരെ അന്ന പാനീയങ്ങൾ വെടിഞ്ഞ് വ്രതമനുഷ്ടിക്കുന്ന വിശ്വാസികൾ, പ്രാർത്ഥനകളിലും, ഖുർആൻ പാരായണത്തിലും മുഴുകുന്ന ദിനങ്ങളാണ് ഇനി.

ശരീരത്തെയും ആത്മാവിനെയും സംസ്കരിച്ചെടുക്കുന്ന ജീവിത വിശുദ്ധിയുടെ മുപ്പത് ദിനരാത്രങ്ങളിലൂടെയാണ് വിശ്വാസി സമൂഹം കടന്നുപോവുക. നന്മകൾക്ക് പതിൻമടങ്ങ് പ്രതിഫലം ലഭിക്കുന്ന ഈ നാളുകളിൽ സാദുജനസംരക്ഷണത്തിനും ദാനധർമ്മങ്ങൾക്കും വിശ്വാസികൾ കൂടുതൽ പ്രാധാന്യം നൽകും.

നോമ്പ് തുറ സമയം പള്ളികൾ കേന്ദ്രികരിച്ചും അല്ലാതെയും നടത്തുന്ന ഇഫ്താർ സംഗമങ്ങൾ സംഘടിപ്പിക്കും. രാത്രിയിൽ പ്രത്യേക നമസ്ക്കാരവും ഉണ്ടാവും.

✪✪✪

റമസാൻ വ്രതാരംഭത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ആശംസ നേർന്നു. ഈ ശുഭമാസം സമൂഹത്തിൽ ഐക്യത്തിന്റെ ചൈതന്യം വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. എല്ലായിടത്തും സമാധാനവും സമൃദ്ധിയും ഉണ്ടാകട്ടെയെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 22 ന്. പരിപാടിയുടെ 131-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. മൻ കി ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 20 വരെ അറിയിക്കാം.

✪✪✪

കോഴിക്കോട് മാവൂരിൽ പുതിയ അഗ്നിരക്ഷാ കേന്ദ്രം ആരംഭിക്കുന്നതിന് 18 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

അഗ്നിരക്ഷാ കേന്ദ്രം ആരംഭിക്കുന്നതിന് 2021 ഫെബ്രുവരി മാസത്തിൽ തത്വത്തിൽ അനുമതി ലഭിച്ചിരുന്നുവെങ്കിലും പ്രവർത്തനം തുടങ്ങുന്നതിന് കഴിഞ്ഞിരുന്നില്ല. പിന്നീട് MLAയുടെ ഫണ്ടിൽ നിന്ന് അനുവദിച്ച 40 ലക്ഷം രൂപ വിനിയോഗിച്ച് സൗകര്യങ്ങൾ ഒരുക്കിയതോടെയാണ് തസ്തികകളും ഉപകരണങ്ങളും അനുവദിച്ച് തീരുമാനമായത്.

✪✪✪

വനം, വന്യജീവി വകുപ്പ് സാമൂഹ്യ വനവത്കരണ വിഭാഗം ഉത്തരമേഖല ഡിവിഷന്റെ ആഭിമുഖ്യത്തിൽ ഫാറൂഖ് കോളേജിൽ നിർമ്മിച്ച നക്ഷത്രവനം, വിദ്യാവനം എന്നിവ മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വനസംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നഗര കേന്ദ്രങ്ങളിൽ ലഭ്യമായ ഇടങ്ങളിൽ മിനിയേച്ചർ വനങ്ങളും വിദ്യാലയങ്ങളിൽ വിദ്യാവനം, ശലഭോദ്യാനം, നക്ഷത്രവനം പദ്ധതികളും വനം വകുപ്പ് നടപ്പാക്കുന്നത്.

✪✪✪

സംസ്ഥാനത്ത് അഴിമതിയുടെ കാര്യത്തിൽ ഇടത്-വലത് മുന്നണികൾ ഒറ്റക്കെട്ടാണ് എന്നതിന്റെ തെളിവാണ് ബാറുകളുടെ പ്രവർത്തനസമയം ഉയർത്തിയ ഗവൺമെന്റ് തീരുമാനമെന്ന് BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സാധാരണക്കാരെ ബാധിക്കുന്ന ലക്ഷക്കണക്കിന് ഫയലുകൾ കെട്ടിക്കിടക്കുമ്പോഴാണ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബാർ സമയം ഉയർത്താൻ ഗവൺമെന്റ് തീരുമാനം എടുത്തതെന്നും ഇതിനുപിന്നിൽ കോടികളുടെ അഴിമതിയാണെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് ആരോപിച്ചു.

✪✪✪

CISF സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോണിനെ നാളെ രാവിലെ സംസ്ഥാന അതിർത്തിയായ തിരുവനന്തപുരം കളയിക്കാവിളയിൽ സ്വീകരിക്കുന്നതിന് ഒരുക്കങ്ങൾ പൂർത്തിയായി.

പൂഞ്ഞാർ, ശംഖുമുഖം ബീച്ച്, വേളി, വെട്ടുകാട്, തുമ്പ VSSC വർക്കല, കൊല്ലം ബീച്ച് എന്നിവിടങ്ങളിലായിരിക്കും സൈക്ലത്തോൺ എത്തുക. വൈകിട്ട് അഴീക്കൽ ബീച്ചിൽ കലാപരിപാടികൾ സംഘടിപ്പിക്കും. പൊലീസ്, NCC കാഡറ്റ് സംഘങ്ങൾ സൈക്ലത്തോണിൽ പങ്കാളികളാവും.

✪✪✪

ICC പുരുഷ ട്വന്റി20 ക്രിക്കറ്റ് ലോകകപ്പിൽ അവസാന ഗ്രൂപ്പ് A മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യക്ക് ജയം. അഹമ്മദാബാദിൽ നെതർലാന്റ്സിനെ 17 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റിന് 193 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ നെതർലാന്റ്സ് 20 ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 176 റൺസെടുത്തു. ഞായറാഴ്ച അഹമ്മദാബാദിൽ ആദ്യ സൂപ്പർ എട്ട് മത്സരത്തിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും.

ഇന്ന് രാവിലെ 11ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ വെസ്റ്റ് ഇൻഡീസ് ഇറ്റലിയെയും, കൊളംബോയിൽ ഉച്ച കഴിഞ്ഞ് മൂന്നിന് ശ്രീലങ്ക, സിംബാബ്‌വെയെയും നേരിടും.

വൈകിട്ട് ഏഴിന് ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ അഫ്ഗാനിസ്ഥാൻ, കാനഡയുമായും ഏറ്റുമുട്ടും.

✪✪✪

രണ്ടാം ട്വന്റി-20 വനിതാ ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ ഓസ്ട്രേലിയയെ  നേരിടും. കാൻബറയിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45 നാണ് മത്സരം.

സിഡ്നിയിൽ ആദ്യ ട്വന്റി -20 മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയയെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

തിരുവനന്തപുരത്ത് ഓൾ ഇന്ത്യ ഇലക്ട്രിസിറ്റി സ്പോർട്സ് കൺട്രോൾ ബോർഡ് പുരുഷ വോളിബോൾ ചാമ്പ്യൻഷിപ്പിൽ KPTCL കർണാടകയെ ഏകപക്ഷീയമായ മൂന്ന് സെറ്റുകൾക്ക് തോൽപ്പിച്ച് KSEB ജേതാക്കളായി. CESC ലിമിറ്റഡ് കൊൽക്കത്ത മൂന്നാം സ്ഥാനം നേടി.

✪✪✪

കണ്ണൂരിൽ കേരള പ്രീമിയർ ലീഗ് ഫുട്ബോൾ രണ്ടാം സീസണിൽ പടന്ന ഷൂട്ടേഴ്സ് യുണൈറ്റഡിന് വിജയിച്ചു. ദേവഗിരി സെന്റ് ജോസഫ്സ് കോളേജിനെ എതിരില്ലാത്ത ഒരു ഗോളിനാണ് ഷൂട്ടേഴ്സ് തോൽപ്പിച്ചത്. ഇന്ന് ജവഹർ സ്റ്റേഡിയത്തിൽ മലപ്പുറം ലൂക്ക സോക്കർ, തൃശൂർ FC കേരളയെ നേരിടും.

✪✪✪

സംസ്ഥാനത്തെ മികച്ച ജാഗ്രതാ സമിതി പുരസ്കാരം കാസർകോട് ജില്ലാ പഞ്ചായത്ത് ഏറ്റുവാങ്ങി. കാസർകോട് ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ചേർന്ന് മന്ത്രി ഡോ. R ബിന്ദുവിൽ നിന്നാണ് പുരസ്കാരം ഏറ്റുവാങ്ങിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി P ജഗന്നിവാസൻ..

.........വോയ്സ്.........

✪✪✪

ഉദ്യോഗസ്ഥരുടെ അനാസ്ഥ കാരണം നിർത്തി വെച്ച കൊച്ചി - മട്ടാഞ്ചേരി ബോട്ട് സർവീസ് ഉടൻ പുനരാരംഭിക്കണമെന്ന് പശ്ചിമ കൊച്ചി പാസഞ്ചേഴ്സ് ഭാരവാഹികൾ ആവശ്യപ്പെട്ടു. കഴിഞ്ഞ വർഷം ഫെബ്രുവരിൽ സംസ്ഥാന ജലഗതാഗത വകുപ്പ് നിർത്തി വെച്ച സർവീസുകൾ പുനരാരംഭിച്ചെങ്കിലും, രണ്ട് മാസത്തിനുള്ളിൽ അവ വീണ്ടും നിർത്തലാക്കിയത് ദൗർഭാഗ്യകരമാണെന്ന് പ്രസിഡന്റ് MM അബ്ബാസും സെക്രട്ടറി S പത്മനാഭ മല്യയും പറഞ്ഞു.

✪✪✪

*News Editor , News Reader : വി കെ സുരേഷ്*
*NRTs: സയ്യിദ് അലി ശിഹാബ്, ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*